No. CEE/5353/MDS/2018/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാകമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ ഡെന്റൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2018
## ഓൺലൈൻ ഓപ്ഷനുകൾ സ്വീകരിക്കുന്നു

2018-ലെ ബിരുദാനന്തര ബിരുദ ഡെന്റൽ കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ 05.04.2018-ന് ആരംഭിക്കുന്നു. അപേക്ഷാർത്ഥികൾ പ്രവേശന പരീക്ഷാകമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ ഓൺലൈനായി നൽകാവുന്നതാണ്. ബഹു: ഹൈക്കോടതിയുടെ WP (C) No.9226/2018(C) റിട്ട് പെറ്റീഷൻ മേലുള്ള ഉത്തരവ് പ്രകാരം 2018-19 വർഷത്തെ പി.ജി ദന്തൽ കോഴ്സുകളിൽ സർവ്വീസ് ക്വാട്ട സീറ്റുകൾ ഉണ്ടായിരിക്കുന്നതല്ല. ആയതിനാൽ സർവ്വീസ് ക്വാട്ടയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ ജനറൽ വിഭാഗത്തിൽ ഓപ്ഷൻ നൽകേണ്ടതാണ്.

ഓപ്ഷൻ ലഭിക്കുന്നതിന് അപേക്ഷാർത്ഥികൾ വെബ്സൈറ്റിലെ 'PG Dental 2018-Candidate Portal' എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അപേക്ഷാ നമ്പരും, പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ചതിനു ശേഷം 'Option Registration' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് 05.04.2018 മുതൽ 11.04.2018 വൈകുന്നേരം 3 മണി വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രവേശന പരീക്ഷാകമ്മീഷണർ 10.04.2018-ന് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിന്റെയും 11.04.2018-ന് വൈകുന്നേരം 3 മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടേയും അടിസ്ഥാനത്തിൽ ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.
**0471-2339101, 0471-2339102, 0471-2339103, 0471-2339104**

Santhosh Kumar
**പ്രവേശന പരീക്ഷാ കമ്മീഷണർ**

for

**തിരുവനന്തപുരം**
**04.04.2018**